


**അണിചേരാം ലഹരി വിമുക്ത പ്രവർത്തനങ്ങളിൽ ...**

**പോരാടാം ലഹരിക്കെതിരെ....**

ലഹരിവസ്തുക്കളുടെ ഉപയോഗം ഇന്ന് നമ്മുടെ സമൂഹത്തിൽ വളർന്നു വന്നു കൊണ്ടിരിക്കുകയാണ്.കൗമാരക്കാരായ കുട്ടികളുടെ ഇടയിലും യുവാക്കളുടെ ഇടയിലുമാണ് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഇന്ന് വർദ്ധിച്ചു വരുന്നത്.

ലഹരിയുടെ ദോഷവശങ്ങൾ ഒരാളെ ബാധിക്കുക ശാരീരികമായും മാനസികവുമായാണ്. അമിതമായ ലഹരിയുടെ ഉപയോഗം കാലക്രമേണ ഓർമ്മ, ചിന്ത, സ്വബോധം എന്നിവ നഷ്ടമാക്കുന്നു കുട്ടികളിലുള്ള ലഹരി ഉപയോഗം അവരിൽ കടുത്ത ആകാംക്ഷ, ഭയം, സംശയം ,ശ്രദ്ധയില്ലായ്മ, നിരുത്സാഹം എന്നിവയ്ക്ക് അടിമപ്പെടുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മദ്യം- മയക്കുമരുന്ന് ദുരുപയോഗം കടുത്ത ആരോഗ്യ പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, രോഗാവസ്ഥ, പരിക്കുകൾ, സുരക്ഷിതമല്ലാത്ത ലൈംഗികത, അക്രമം, മരണങ്ങൾ, വാഹനാപകടങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യ എന്നിവയിലേക്ക് നയിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നുണ്ട്.

ഈ വിപത്തിനെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച ലഹരി വിമുക്ത പ്രചരണ പരിപാടിയാണ് വിമുക്തി . വിമുക്തിയിലൂടെ ലഹരി വസ്തുക്കളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കുകയാണ് കേരള സർക്കാരും എക്സൈസ് വകുപ്പും.

മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായ ഗവേണിംഗ് ബോഡിയാണ് അപ്പക്സ് ലെവൽ പ്രവർത്തനം. നികുതി വിഭാഗം അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായും ആരോഗ്യവകുപ്പ് , തദ്ദേശ സ്വയം ഭരണ വകുപ്പ്, ധനകാര്യവകുപ്പ്, വിദ്യാസവകുപ്പ്, എസ് സി /എസ് ടി , മത്സ്യബന്ധന വകുപ്പ് എന്നിവയുടെ മന്ത്രിമാർ അംഗങ്ങളായും . ചീഫ് സെക്രട്ടറി, സ്പോർട്സ് കൗൺസിൽ പ്രസിഡൻറ്, പഞ്ചായത്ത് അസോസിയേഷൻ പ്രസിഡൻറ്, കലാകായിക സാംസ്കാരിക വിഭാഗങ്ങളിലെ പ്രമുഖരും ഗവേണിംഗ് ബോഡി അംഗങ്ങളാണ്. വിമുക്തിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാ വാർഡ് പഞ്ചായത്ത് ലോക്കൽ സെൽഫ് ഗവൺമെൻറ് തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച പ്രവർത്തിച്ചു വരുന്നു വിമുക്തിയുടെ കീഴിൽ 14 ജില്ലകളിലും ലഹരി വിമുക്ത സെൻററുകളും, തിരുവനന്തപുരം കോഴിക്കോട് എറണാകുളം എന്നീ ജില്ലകളിലെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഹോസ്പിറ്റലുകളിൽ കൗൺസിലിംഗ് സെൻററുകളും പ്രവർത്തിച്ചുവരുന്നുണ്ട്.